882

# കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

 റ്റി.സി. 27/2980, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ., തിരുവനന്തപുരം - 695 034
ഫോൺ : 0471-2326603 ഇ-മെയിൽ :childrights.cpcr@kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

നം.3708 /എ2/2020/കേ.സം.ബാ.സം.ക. തീയതി :25-11-2022.

## ക്വട്ടേഷൻ നോട്ടീസ്

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചെയർപഴ്സന്റെ ഔദ്യോഗി കാവശ്യങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ കാർ ഡ്രൈവർ ഇല്ലാതെ ലഭ്യമാക്കുന്നതിന് മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

താഴെ പറയുന്ന മോഡൽ AC വാഹനത്തിന് പ്രതിമാസം കുറഞ്ഞത് 2000 കി.മീ. പ്രതിദിനം കുറഞ്ഞത് 10 മണിക്കൂർ എന്ന നിരക്കിൽ ഓടുന്നതിനുള്ള ജിഎസ്ടി ഉൾപ്പെടെയുള്ള ചുരുങ്ങിയ നിരക്ക് കാണിച്ചിരിക്കണം. കൂടാതെ വാഹനത്തിന്റെ RC Book, ഇൻഷുറൻസ്, എന്നിവയുടെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം ഹാജരാക്കിയിരിക്കണം. പാൻ നം., ജി.എസ്.ടി. രജിസ്ട്രേഷൻ നം. എന്നിവയും ഉൾപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ നൽകുന്ന സ്ഥാപനത്തിന്റെയോ ആളിന്റെയോ പേരിൽ വാഹനം രജിസ്റ്റർ ചെയ്തിരിക്കേണ്ടതുമാണ്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന ഏജൻസിയുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതും, അംഗീകരിക്കുന്ന ഏജൻസി എഗ്രിമെന്റ് തീയതി മുതൽ നിശ്ചിത നിരക്കിൽ വാഹനം സെക്രട്ടറി അല്ലെങ്കിൽ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സ്ഥലത്തും സമയത്തും എത്തിച്ചു നൽകാമെന്ന് 200/- രൂപാ മുദ്രപത്രത്തിൽ കരാർ നൽകേണ്ടതുമാണ്. മുദ്രവച്ച ക്വട്ടേഷനുകൾ സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ, റ്റി.സി. 27/2980, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ, തിരുവനന്തപുരം - 695 034 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ***2022 ഡിസംബർ 2-ന് ഉച്ചയ്ക്ക് 12.00 മണി***. ഹാജരാകുന്ന അപേക്ഷകരുടെ മുന്നിൽവച്ച് അന്നേ ദിവസം ***ഉച്ചയ്ക്ക് 03.00 മണിക്ക്*** ക്വട്ടേഷനുകൾ തുറക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനുപുറത്ത് **"വാഹന ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ആവശ്യപ്പെടുന്ന വാഹനത്തിന്റെ വിവരം

ടൊയോട്ട ഇന്നോവ ക്രിസ്റ്റ - മൂന്നു വർഷത്തിൽ താഴെ പഴക്കമുള്ള വെള്ള നിറത്തിലുള്ള വാഹനം ആയിരിക്കണം.

(ഒപ്പ്/-)
സെക്രട്ടറി

അംഗീകാരത്തോടെ,

Jessy Jose

സെക്ഷൻ ഓഫീസർ.

1. *പി.ആർ.ഒ.- വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രക്കുറിപ്പ് നൽകുന്നതിനുമായി (പത്രക്കുറിപ്പിന്റെ പകർപ്പ് ഭരണവിഭാഗത്തിൽ നൽകേണ്ടതാണ്).*
2. *നോട്ടീസ് ബോർഡ്.*

884

'ഭരണഭാഷ മാതൃഭാഷ'


## കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ

വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം-695 034.

ഫോൺ : 0471 – 2326603 ഇ-മെയിൽ : childrights.cpcr@kerala.gov.in


**24-11-2022 തീയതിയിലെ 3708/എ2/2020/കേ.സം.ബാ.സം.ക. നമ്പർ ക്വട്ടേഷൻ നോട്ടീസിലെ തിരുത്ത്**

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ കാർ (ഡ്രൈവർ ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊണ്ട് 24.11.2022-ൽ നൽകിയിരുന്ന ക്വട്ടേഷൻ റദ്ദ് ചെയ്തിരിക്കുന്നു.

(ഒപ്പ്)
സെക്രട്ടറി

തിരുവനന്തപുരം
25-11-2022

AR